ഐ. ആർ. ഡി. പി. യിലേക്ക് 1986-87 ലേക്ക് നീക്കിവെച്ചിട്ടുള്ള തുക

358. [465] ശ്രീ. എം. എം. ഹസ്സൻ :
,, തോപ്പിൽ രവി :
,, പി. പി. തങ്കച്ചൻ :
,, സ്റ്റീഫൻ പാദുവ :
,, റ്റി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. ആർ. ഡി. പി. യിലേക്ക് നടപ്പു സാമ്പത്തിക വർഷത്തിൽ നീക്കിവെച്ചിട്ടുള്ള തുക എത്ര ;

(ബി) 1986 സെപ്റ്റംബർ 30 വരെ വാർഷിക ലക്ഷ്യത്തിന്റെ എത്ര ശതമാനം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട് ;

(സി) സബ്സിഡിക്കായി നടപ്പുവർഷത്തിൽ നീക്കിവച്ചിട്ടുള്ള തുക എത്ര ;

(ഡി) 1986 സെപ്റ്റംബർ 30 വരെ ചെലവാക്കിയ സംഖ്യ എത്ര ?

ഉത്തരം

(എ) ഐ. ആർ. ഡി. പി. യിലേക്ക് നടപ്പു സാമ്പത്തിക വർഷത്തിൽ മൊത്തം 1477.97 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

(ബി) 1986 സെപ്റ്റംബർ 30 വരെ ഭൗതിക ലക്ഷ്യത്തിന്റെ 77 % വും സാമ്പത്തികലക്ഷ്യത്തിന്റെ 64 % വും നേട്ടം കൈവരിച്ചിട്ടുണ്ട്.

(സി) ഐ. ആർ. ഡി. പി. പദ്ധതി പ്രകാരം 1180 ലക്ഷം രൂപ സബ്സിഡിയായി നടപ്പുവർഷത്തിൽ നീക്കിവച്ചിട്ടുണ്ട്.

(ഡി) 1986 സെപ്റ്റംബർ 30 വരെ ഐ. ആർ. ഡി. പി. പദ്ധതിയിൽ 943.10 ലക്ഷം രൂപ മൊത്തം ചെലവായിട്ടുണ്ട്. ഇതിൽ 823.92 ലക്ഷം രൂപ സബ്സിഡിയായി ചെലവാക്കിയതാണ്.

1986-87-ലെ എൻ. ആർ. ഇ. പി. പണികളുടെ കാലതാമസം

359. [468] ശ്രീ വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87-ലെ എൻ. ആർ. ഇ. പി. പദ്ധതികളുടെ വിശദാംശങ്ങൾ തിരുവനന്തപുരം ഡി. ആർ. ഡി. എ. അംഗീകാരത്തിനായി അയച്ചത് സെക്രട്ടേറിയറ്റിൽ കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ന് ;

(സി) ഇതിന് അനുവാദം നൽകിയോ ;

(ഡി) എങ്കിൽ എന്ന് ;

(ഇ) ഈ പദ്ധതി അനുസരിച്ച് ഒരു പണിയും പുതുതായി തുടങ്ങാൻ കഴിഞ്ഞിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഇക്കാര്യത്തിൽ അനുവാദം ലഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.
(ബി) 23-8-1986.
(സി) നൽകി.
(ഡി) 8-10-1986
(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly